# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാസ്റ്റർ പ്ലാൻ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 5096** **28.10.16- ൽ മറുപടി നൽകേണ്ടത്**

| | ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ നടപടികൾ വിശദീകരിക്കാമോ; | (എ) | 2016-ൽ നിലവിൽ വന്ന കേരള നഗര ഗ്രാമാസൂത്രണ നിയമപ്രകാരം മാസ്റ്റർ പ്ലാൻ ഒരു പങ്കാളിത്ത പ്രക്രിയയിലൂടെ തയ്യാറാക്കേണ്ടതും അത് തദ്ദേശാസൂത്രണ പ്രദേശത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ വികസനം ഏത് രീതിയിലാണ് നിർവ്വഹിക്കേണ്ടതെന്നും ഭൂമിയുടെ ഉപയോഗം ഏതു രീതിയിലാണ് നിയന്ത്രിക്കേണ്ടത് എന്നും സാമാന്യമായി സൂചിപ്പിക്കേണ്ടതാണെന്നും അനുശാസിക്കുന്നു. 74-)o ഭരണഘടന ഭേദഗതി, കേരളാ മുനിസിപ്പാലിറ്റി ആക്ട് 1994 എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്കാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്വം. ഇതിനായുള്ള സാങ്കേതിക സഹായമാണ് നഗരാസൂത്രണ വകുപ്പ് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നത്.<br>മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ഓരോ നഗരത്തിനും/പട്ടണത്തിനും നഗരസഭ ചെയർ പേഴ്സൺ, സെക്രട്ടറി, എഞ്ചിനീയറിംഗ് വിംഗിന്റെ തലവൻ, ഓരോ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രതിനിധി, ജില്ലാ ടൗൺപ്ലാനർ, റിസോഴ്സ് പേഴ്സൺ എന്നിവർ അംഗങ്ങളായുള്ള Spatial Integration Committee (SIC) രൂപീകരിക്കുന്നു. കൂടാതെ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ Deputy Town Planner/Assistant Town Planner, മറ്റ് സാങ്കേതിക ജീവനക്കാർ എന്നിവരടങ്ങുന്ന പ്ലാനിംഗ് ടീം രൂപീകരിക്കുന്നു. ചീഫ് ടൗൺപ്ലാനറുടെ മേൽ നോട്ടത്തിലും മാർഗ്ഗ നിർ ദ്ദേശങ്ങളിലും നിലവിലെ മറ്റു |

| | | | |
|---|---|---|---|
| | | | ആക്ടുകൾ, കോഡുകൾ, കൈപ്പുസ്തകങ്ങൾ മുതലായവയെ അടിസ്ഥാനമാക്കിയാണ് മാസ്റ്റർപ്ലാനിന് സാങ്കേതിക അടിത്തറ നല്കുന്നത്, വിവിധ ഘട്ടങ്ങളിൽ നഗര/പട്ടണത്തിന്റെ വിവിധ തലങ്ങളിൽ നടത്തുന്ന ശില്പശാലകൾ, ചർച്ചകൾ, വിവരശേഖരണങ്ങൾ എന്നിവയിലൂടെ ഉരുത്തിരിഞ്ഞു വരുന്ന പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങളെയും നിർദ്ദേശങ്ങളെയും അടിസ്ഥാനമാക്കിയാണ് മാസ്റ്റർപ്ലാനിന് രൂപം നല്കുന്നത്. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പ്രധാനപ്പെട്ട നാല് ഘട്ടങ്ങളാണുള്ളത്.<br>1. <u>വിവരശേഖരണവും ഏകോപനവും:</u><br>ഇതിൽ പ്രാഥമിക വിവര ശേഖരണവും ദ്വിതീയ വിവര ശേഖരണവും ഉൾ പ്പെടുന്നു. പ്രാഥമിക വിവരശേഖരണത്തിൽ ഭൂവിനിയോഗ സർ വ്വേ, സാമൂഹിക സാമ്പത്തിക സർ വ്വേ, ട്രാഫിക് സർ വ്വേ എന്നിവ ഉൾ പ്പെടുന്നു. ഇത് നഗര ഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ടോ, നഗരസഭ തിരഞ്ഞെടുക്കുന്ന സർ വ്വേയർ ട്രയിനീസിന് നഗര ഗ്രാമാസൂത്രണ വകുപ്പ് പരിശീലനം നൽകി അവരെ കൊണ്ട് നടത്തിക്കുകയോ, പൂർണ്ണമായും ഔട്ട് സോഴ്സ് ചെയ്തുകൊണ്ടോ നടത്താവുന്നതാണ്. പ്രാഥമിക വിവരശേഖരണം ജില്ലാ ടൗൺപ്ലാനർമാരുടെ ഉത്തരവാദിത്ത്വത്തിലാണ് നടത്തുന്നത്. ഓരോ സെക്ടറുകൾ സംബന്ധിച്ചുള്ള ദ്വിതീയ വിവര ശേഖരണവും വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന SIC ആണ് നടത്തുന്നത്.<br>2. <u>വിശകലനം:</u><br>ഇതിൽ പ്രാദേശിക വിശകലനം, സ്ഥലപര വിശകലനം എന്നിവ ഉൾ പ്പെടുന്നു. ഓരോ സെക്ടറുകളിലെയും വികസന സാധ്യതകൾ, ബുദ്ധിമുട്ടുകൾ, ജനങ്ങളുടെ പ്രതീക്ഷകൾ എന്നിവ പ്രാദേശിക വിശകലനത്തിലൂടെ കണ്ടെത്തുന്നു. ഇതിന്റെ ഉത്തരവാദിത്തം SIC യ്ക്കാണ്. ഇതിനായി വികസന സെമിനാറുകളും സംഘടിപ്പിക്കുന്നു.<br>ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവാദിത്തത്തിലാണ് സ്ഥലപരവിശകലനം നടത്തുന്നത്. മാസ്റ്റർ പ്ലാൻ |

| | | | |
|---|---|---|---|
| | | | ഏരിയയിലെ ജനസംഖ്യാ പഠനം, പ്രവർത്തന ശൃംഖലകളുടെ പഠനം, ഭൂവിനിയോഗം, പശ്ചാത്തല സൗകര്യങ്ങൾ മുതലായവയുടെ പഠനം എന്നിവ ഇതിൽ ഉൾ പ്പെടുന്നു.<br>3. <u>വികസന സങ്കൽപ്പ രൂപീകരണം</u><br>പഠനങ്ങളുടേയും വിശകലനങ്ങളുടേയും അടിസ്ഥാനത്തിൽ അടുത്ത 15-20 വർഷത്തേക്കുള്ള നഗരവികസന സങ്കൽപ്പം രൂപീകരണം, ഇതിനായുള്ള Goals, Objectives, Development concept, Policies, Strategies എന്നിവ രൂപീകരിക്കുന്നു.<br>4. <u>ഡീറ്റേയ് ലിംഗ്</u><br>ഓരോ സെക്ടറുകളിലെയും ഭാവി ആവശ്യങ്ങൾ കണക്കാക്കുകയും വികസന നിർ ദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു. Proposed land use Plan, മേഖലാ നിയന്ത്രണങ്ങൾ എന്നിവയും തയ്യാറാക്കുന്നു. SIC നഗരാസൂത്രണ വകുപ്പ് എന്നിവ കൂട്ടായാണ് ഈ പ്രക്രിയ നടത്തുന്നത്.<br>മേൽപ്പറഞ്ഞ രീതിയിൽ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാൻ കൗൺസിൽ അംഗീകരിക്കുന്നതിനെ തുടർന്ന് കേരള നഗര-ഗ്രാമാസൂത്രണ നിയമം 2016 സെക്ഷൻ 36 അനുശാസിക്കുന്ന രീതിയിൽ സർക്കാർ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാസ്റ്റർ പ്ലാൻ ആവിഷ്കരിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിലെ എല്ലാ നഗര പ്രദേശങ്ങൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്. ഇതിൽ കോഴിക്കോട് അർബൻ ഏരിയായുടെ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റുള്ള നഗരസഭകളുടെ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ